## പതിനാലാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 1708

04.12.18 - ൽ മറുപടിക്ക്.

## കുടുംബശ്രീ സ്കൂൾ പദ്ധതി

| ചോദ്യം<br>ശ്രീമതി. പി.അയിഷാ പോറ്റി | | മറുപടി<br>ശ്രീ. എ.സി.മൊയ്തീൻ<br>(തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | കുടുംബശ്രീ സ്കൂൾ പദ്ധതിയുടെ ഉദ്ദേശലക്ഷ്യങ്ങൾ വിശദമാക്കുമോ; | (എ) | കുടുംബശ്രീ അയൽക്കൂട്ടങ്ങളുടെ പരിശീലനത്തിനായി, സ്വമേധയാ സേവനം ചെയ്യുന്ന സാമൂഹ്യാധിഷ്ഠിത പരിശീലകർ മുഖേന 6 ആഴ്ചക്കാലം നടത്തുന്ന പരിശീലന പദ്ധതിയാണ് കുടുംബശ്രീ സ്കൂൾ. 2017-18 - ലാണ് കുടുംബശ്രീ സ്കൂൾ പദ്ധതി ആരംഭിച്ചത്. കുടുംബശ്രീ സ്കൂളിന്റെ ഉദ്ദേശ ലക്ഷ്യങ്ങൾ ചുവടെ പറയുന്നു.<br>1. അയൽക്കൂട്ടാംഗങ്ങളുടെ തുടർച്ചയായ പരിശീലനം.<br>2.അയൽക്കൂട്ടാംഗങ്ങളുടെ സാമൂഹ്യവും സാമ്പത്തികവും സാംസ്കാരികവും രാഷ്ട്രീയവുമായ ശാക്തീകരണത്തിനായി രാസത്വരകമായി പ്രവർത്തിക്കുക.<br>3. സ്ത്രീകൾക്കും കുട്ടികൾക്കുമെതിരെയുള്ള അതിക്രമങ്ങൾ തടയുന്നതിനും അവരുടെ അവകാശങ്ങൾ സംരക്ഷിക്കുന്നതിനാവശ്യമായ പൊതു അവബോധം സൃഷ്ടിക്കുക.<br>4.കുടുംബശ്രീ പദ്ധതികളുടെ നടത്തിപ്പിലും വിലയിരുത്തലിലും ക്രിയാത്മകമായ പിന്തുണ നല്കുക.<br>5.കുടുംബശ്രീ പദ്ധതികളെക്കുറിച്ച് അംഗങ്ങളിൽ അവബോധം സൃഷ്ടിക്കുക.<br>6.ലഘു സമ്പാദ്യ വായ്പാ പ്രവർത്തനങ്ങളെ ക്രമപ്പെടുത്തുക.<br>7. അയൽക്കൂട്ടങ്ങളുടെ പ്രവർത്തനങ്ങളെ ചിട്ടപ്പെടുത്തുക<br>8.സാമൂഹ്യ തിന്മകൾക്കെതിരെ അംഗങ്ങളെ ജാഗരൂഗരാക്കുക.<br>9. പ്രാദേശിക ആസൂത്രണം, വികസനം, പദ്ധതികളുടെ നടത്തിപ്പ് ഇവയിൽ പ്രാദേശിക കൂട്ടായ്മ എന്ന നിലയിൽ അയൽക്കൂട്ടങ്ങളുടെ പിന്തുണ ഉറപ്പാക്കുക.<br>10. ആരോഗ്യ ശുചിത്വ പ്രവർത്തനങ്ങൾ കാര്യക്ഷമമായി ഏറ്റെടുക്കുന്നതിന് അംഗങ്ങളെ പ്രാപ്തരാക്കുക. |
| (ബി) | കുടുംബശ്രീ സംവിധാനത്തെ കൂടുതൽ സാമൂഹ്യ ഉത്തരവാദിത്തങ്ങൾ ഏൽപ്പിക്കും വിധം എന്തെല്ലാം പുതിയ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കും എന്ന് വിശദമാക്കുമോ? | (ബി) | കുടുംബശ്രീ സംവിധാനത്തെ കൂടുതൽ സാമൂഹ്യ ഉത്തരവാദിത്വങ്ങൾ ഏൽപ്പിക്കും വിധത്തിലുള്ള പദ്ധതികളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

## 1. സ്ത്രീപദവി സ്വയംപഠന പ്രക്രിയ

നിലനിൽക്കുന്ന സാമൂഹ്യ അവസ്ഥയേയും അധികാര ഘടനയേയും തങ്ങളുടെ വ്യക്തിപരവും സാമൂഹ്യവുമായ അനുഭവങ്ങളുമായി ബന്ധപ്പെടുത്തി മനസ്സിലാക്കുകയും അതിന്റെ അടിസ്ഥാനത്തിൽ സ്ത്രീ പദവി സ്വയം വിശകലനം ചെയ്യുന്നതിനുള്ള ശേഷി കുടുംബശ്രീ പ്രവർത്തകർ ആർജ്ജിക്കുകയും ചെയ്യുന്നതിന് സഹായിക്കുക എന്നതാണ് ഈ പഠന പ്രക്രിയയുടെ ലക്ഷ്യം.

പ്രത്യേകം തയ്യാറാക്കിയ പഠന സഹായിയുടെ അടിസ്ഥനത്തിൽ ഓരോ അയൽക്കൂട്ടത്തിലും സ്ത്രീകൾ നേരിടുന്ന പ്രത്യേക പ്രശ്നങ്ങളെ ചർച്ചയ്ക്കും സ്വയം വിലയിരുന്നതിന് വിധേയമാകുക എന്നതാണ് ഈ പരിപാടിയിലെ പ്രധാന പ്രവർത്തനം. 2019 ജനുവരി മുതൽ നാലാമത് സ്ത്രീ പദവി സ്വയം പഠന പ്രക്രിയയ്ക്ക് തുടക്കം കുറിക്കും.

## 2. ജെന്റർ റിസോഴ്സ് സെന്റർ

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ സ്ത്രീകളുടെ പദവി ഉയർത്തുന്നതിനും വനിതാ വികസന പ്രവർത്തനങ്ങൾക്ക് ആവശ്യമായ മാർഗ നിർദ്ദേശവും വൈദഗ്ധ്യവും പിന്തുണയും പരിശീലനവും നൽകുന്നതിനുള്ള സംവിധാനമാണ് ജെൻഡർ റിസോഴ്സ് സെന്റർ.

## 3. വിജിലന്റ് ഗ്രൂപ്പുകൾ

സ്ത്രീകൾക്കും കുട്ടികൾക്കുമെതിരേയുള്ള അതിക്രമങ്ങൾ തടയുന്നതിനും സ്ത്രീ സൗഹൃദ പ്രാദേശിക ഇടം സൃഷ്ടിക്കുന്നതിനുമായി കുടുംബശ്രീ സി ഡി എസ്സുകളുടെ നേതൃത്വത്തിൽ പ്രവർത്തിക്കുന്ന സ്വയം സന്നദ്ധ പ്രവർത്തകരുടെ കൂട്ടായ്മയാണ് കുടുംബശ്രീ വിജിലന്റ് ഗ്രൂപ്പ്. വാർഡ് അടിസ്ഥാനത്തിലാണ് വിജിലന്റ് ഗ്രൂപ്പുകൾ രൂപീകരിച്ചിട്ടുള്ളത്.

## 4. സ്നേഹിത കോളിംഗ് ബെൽ

സമൂഹത്തിൽ ഒറ്റപ്പെട്ട് താമസിക്കുന്നവരും, മുതിർന്ന പൗരൻമാരേയും ശ്രദ്ധയും പരിചരണവും ആവശ്യമുള്ളവരുമായ വ്യക്തികളെ കണ്ടെത്തി നിരന്തര സമ്പർക്കം പുലർത്തി 'നിങ്ങൾ ഒറ്റയ്ക്കല്ല, ഞങ്ങൾ കൂടെയുണ്ട്' എന്ന ആശയം ഉൾക്കൊണ്ട് കൊണ്ട് നടപ്പാക്കുന്ന നൂതന പരിപാടിയാണ് 'സ്നേഹിത കോളിംഗ് ബെൽ'. അയൽക്കൂട്ടങ്ങളുടെ നേതൃത്വത്തിലാണ് ഈ പ്രവർത്തനം സംഘടിപ്പിക്കുന്നത്. ഓരോ അയൽക്കൂട്ടവും തങ്ങളുടെ പ്രദേശത്തു ഒറ്റപ്പെട്ടു കഴിയുന്ന കുടുംബങ്ങളുടെ ലിസ്റ്റ് തയ്യാറാക്കി നിരന്തരം അവരുമായി

സമ്പർക്കം പുലർത്തി അവരുടെ സാമൂഹ്യമായ ഒറ്റപ്പെടൽ ഇല്ലാതാക്കുന്നതിനായി പരിശ്രമിക്കുക.

**5. കുടുംബശ്രീ സ്കൂൾ**

കുടുംബശ്രീ അംഗങ്ങളെ വിവിധ വിഷയങ്ങളിൽ അവബോധമുള്ളവരാക്കി മാറ്റുന്നതിലൂടെ സാമൂഹ്യമായ അവരുടെ ഉത്തരവാദിത്തങ്ങൾ നിർവ്വഹിക്കുന്നതിന് പ്രാപ്തരാക്കുന്നതിന് കുടുംബശ്രീ സ്കൂൾ പ്രവർത്തനം സഹായകരമാണ്. ഒന്നാം കുടുംബശ്രീ സ്കൂളിൽ ഉൾപ്പെടുത്തിയിരുന്ന ലഹരി വിമുക്ത പ്രചരണം - കുടുംബശ്രീ ഏറ്റെടുക്കേണ്ട പ്രവർത്തനങ്ങൾ, അഴിമതിമുക്ത സമൂഹം - കുടുംബശ്രീ കർത്തവ്യങ്ങൾ എന്നീ അധ്യായങ്ങളും രണ്ടാം കുടുംബശ്രീ സ്കൂളിൽ ഉൾപ്പെടുത്തിയിട്ടുള്ള ദുരന്ത നിവാരണം - കുടുംബശ്രീ അയൽക്കൂട്ടങ്ങളുടെ പങ്ക് എന്നീ അധ്യായങ്ങളും ഇതിനുദാഹരണങ്ങളാണ്.

**6. എ ബി സി പദ്ധതി, നിർമ്മാണ യൂണിറ്റുകൾ**

സാമൂഹിക ഉത്തരവാദിത്തങ്ങൾ നിർവ്വഹിക്കുന്നതിനും അതിലൂടെ കുടുംബശ്രീ അംഗങ്ങൾക്ക് വരുമാന മാർഗ്ഗമുണ്ടാക്കി കൊടുക്കുന്നതിനുമായി ആരംഭിച്ച സംരംഭ പ്രവർത്തനങ്ങളാണ് ഇവ.

എ ബി സി

തെരുവ് നായ്ക്കളുടെ വംശ വർദ്ധനവ് സാധാരണ ജനജീവിതത്തിന് ഭീഷണിയായപ്പോൾ ഈ പ്രശ്നം പരിഹരിക്കുന്നതിനായി കുടുംബശ്രീ അംഗങ്ങൾക്ക് പരിശീലനം നൽകി ആരംഭിച്ചവയാണ് ആനിമൽ ബർത്ത് കൺട്രോൾ യൂണിറ്റുകൾ.

**7. കൺസ്ട്രക്ഷൻ യൂണിറ്റുകൾ**

സംസ്ഥാനത്തെ ഭവന രഹിതരായ കുടുംബങ്ങൾക്ക് ഇടനിലക്കാരെ ഒഴിവാക്കി മിതമായ നിരക്കിൽ ഭവന നിർമ്മാണം സാധ്യമാക്കുന്നതിനായി കുടുംബശ്രീ അംഗങ്ങളെ ഉൾപ്പെടുത്തി രൂപീകരിച്ചവയാണ് കുടുംബശ്രീ നിർമ്മാണ യൂണിറ്റുകൾ. സംസ്ഥാനത്താകെ 251 യൂണിറ്റുകൾ ഇത്തരത്തിൽ പ്രവർത്തിച്ച് വരുന്നു.

സെക്ഷൻ ഓഫീസർ